# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**സണ്ണി എം. സി**
**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9446561939**

**പി.ആർ.ഒ/35/228/2016** **<u>പത്രക്കുറിപ്പ്</u>** **2016 ഒക്ടോബർ 25**

## എം.എസ്.ഡബ്ല്യു പ്രവേശനം: റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളജുകളിലെ എം.എസ്.ഡബ്ല്യു പ്രോഗ്രാമിലെ പ്രവേശനത്തിനായി ഒക്ടോബർ 23ന് നടത്തിയ പ്രവേശനപ്പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ഒക്ടോബർ 28ന് രാവിലെ 10.30ന് സർവ്വകലാശാല അസംബ്ലി ഹാളിൽ നടക്കുന്ന പ്രവേശനകൗൺസിലിംഗിൽ റിപ്പോർട്ട് ചെയ്യണം. റാങ്ക് ലിസ്റ്റും കൗൺസിലിംഗന് ഹാജരാകേണ്ടവർക്കുള്ള നിർദ്ദേശങ്ങളും സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. പ്രവേശന കൗൺസിലിംഗിനായി കാൾ ലെറ്റർ അയക്കുന്നതല്ല.

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ എം.എസ്.സി മോളിക്യുലാർ ബയോളജി ആന്റ് ജെനറ്റിക് എഞ്ചിനീയറിംഗ് ഡിഗ്രി പരീക്ഷകൾ നവംബർ 11ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ നവംബർ 1 വരെയും 50 രൂപ പിഴയോടെ 2 വരെയും 500 രൂപ സൂപ്പർഫൈനോടെ 5 വരെയും സ്വീകരിക്കും.

അഞ്ചാം സെമസ്റ്റർ ബി.പി.ഇ (2014 അഡ്മിഷൻ റഗുലർ, 2013 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 4ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ ഒക്ടോബർ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ 31 വരെയും സ്വീകരിക്കും.

## വൈവാ വോസി പരീക്ഷ

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ 2014-16 ബാച്ചിന്റെ നാലാം സെമസ്റ്റർ എൽ.എൽ.എം കോഴ്സിന്റെ വൈവാ വോസി പരീക്ഷ നവംബർ 8ന് രാവിലെ 10.30ന് ലീഗൽ തോട്ടിൽ വച്ച് നടത്തും.

## പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും

അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ എം.എസ്.സി കംപ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ് വർക്ക് ടെക്നോളജി ഡിഗ്രി കോഴ്സിന്റെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയ്ക്കും ഉള്ള അപേക്ഷകൾ പിഴകൂടാതെ നവംബർ 2 വരെയും 50 രൂപ പിഴയോടെ 3 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും സ്വീകരിക്കും.

## പുതുക്കിയ പ്രോജക്ട്/വൈവാ വോസി പരീക്ഷാ തീയതി

നവംബർ 2ന് നടത്തുവാന നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ് (പ്രൈവറ്റ് സ്റ്റഡി - റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും തിരുവല്ല മാർ തോമാ കോളജിൽ വച്ച് നവംബർ 3ന് നടത്തുന്നതിനായി മാറ്റി.

## സ്പോട്ട് അഡ്മിഷൻ

പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിലെ എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തും. ഫോൺ 0468-2323957, 9446705344.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**